(ഇ) 17.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ എസ്.സി/എസ്.റ്റി. പദ്ധതികൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പണി പൂർത്തിയാക്കുന്നതാണ്.

ഇല്ലിത്തോട് വാട്ടർ സപ്ലൈ സ്കീം

148 (2607) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇല്ലിത്തോട് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഭൂമി ലഭ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഡി) തടസ്സങ്ങൾ നീക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമായ ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

(ബി) ഇൻടേക്ക് വെല്ലിനും, ട്രീറ്റ്മെന്റ് പ്ളാന്റിനും ആവശ്യമായ ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും വിട്ടുകിട്ടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനുള്ള ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. ഭൂതല സംഭരണി പണിയാനുള്ള ഭൂമി സ്വകാര്യ വ്യക്തിയുടേതാണ്. സ്ഥലം മുൻകൂർ വിട്ടുകിട്ടാൻ ഉടമസ്ഥൻ തയ്യാറല്ല. ലാന്റ് സ് അക്യൂസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള ഭൂമി മുൻകൂർ ലഭ്യമാക്കുന്നതാണ് പ്രധാന തടസ്സം.

(ഡി) തടസ്സങ്ങൾ നീക്കി അക്വിസിഷന് ആവശ്യമായ നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. താമസം കൂടാതെ പ്രസ്തുത ഭൂമി അതോറിറ്റിക്കു ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കോതകുളങ്ങര സൗത്ത് വാട്ടർ സപ്ലൈ സ്കീം

149 (2608) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോതകുളങ്ങര സൗത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കീം എന്നേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ ഉറവിടം ഇപ്പോൾ നിലവിലുള്ള കാലടി പമ്പ് ഹൗസ് തന്നെയാണ്. പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുന്നതിനായുള്ള പമ്പിംഗ് മെയിനിന്റെ പണികൾ അവസാനഘട്ടത്തിലാണ്. ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള ടെന്റർ ചെയ്തിട്ടുണ്ട്. ഒ.എച്ച്. ടാങ്കിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. വിതരണ കുഴലുകൾ സ്ഥാപിക്കുന്ന ജോലികൾ ടെൻഡർ ചെയ്തു കഴിഞ്ഞു.

(ബി) 3/2001-ൽ.

(സി) ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനുള്ള ടെൻഡർ ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതികൾ

150 (2609) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ എത്ര കുടിവെള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) അവ ഏതെല്ലാമാണ് ;

(സി) അവയുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 16 ചെറുകിട പദ്ധതികളുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി മൂന്നു വൻകിടപദ്ധതികൾക്കും, ഏ.ആർ.ഡബ്ല്യൂ.എസ്.പി. യിൽ ഉൾപ്പെടുത്തി ഒരു വൻകിട പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാലക്കാട്ടെ ശുദ്ധജലവിതരണ പദ്ധതികൾ

151 (2613) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ലോക ബാങ്കിന്റെ സഹായത്തോടെ എത്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly